# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മയിൽ നിന്നും

സർക്കുലർ നമ്പർ 22

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്*

കർത്താവിൽ വാത്സല്യമുള്ളവരേ,

വരുമാനത്തിന്റെ ദശാംശം വേർതിരിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന മഹത്തായ പാരമ്പര്യമാണല്ലോ നമുക്കുള്ളത്. നമ്മുടെ സഭയിലെ വരുമാനമുള്ള അംഗങ്ങൾ എല്ലാവരും സുവിശേഷ വേലയ്ക്കായി ദശാംശം വേർതിരിക്കണം. സമയം, പണം, കഴിവ്, ബുദ്ധി ഇവയെല്ലാം ദൈവദാനമാണ്. നന്ദിയോടെ അവയെ സ്വീകരിച്ച് ദൈവം ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കണം. ദശാംശത്തിന്റെ ഒരു ഭാഗം സഭയുടെ പൊതു പ്രവർത്തനങ്ങൾക്കായി നല്കണം. ബാക്കിയുള്ളവ ഇടവകയുടെ വളർച്ചയ്ക്കും അതുവഴി ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുമായി ഉപയോഗിക്കണം. ഈ സത്യം അംഗീകരിക്കുന്നതിന്റെ പ്രതീകമാണ് ദശാംശ സമർപ്പണം.

2021 ജൂലൈ 4–ാം തീയതി ദശാംശ സമർപ്പണ ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. കോവിഡ്–19 ന്റെ വ്യാപനത്തെ തുടർന്ന് പള്ളികൾ തുറക്കുവാൻ പറ്റാത്ത സാഹചര്യം സംജാതമായിരിക്കുന്നതിനാൽ ഇടവകയായി ദശാംശവിഹിത സമർപ്പണത്തിന് പ്രത്യേക ക്രമീകരണം ചെയ്യേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കുന്നു. സഭയുടെ റവന്യൂ വരുമാനത്തിൽ ഈ വർഷങ്ങളിൽ ഗണ്യമായ കുറവു വന്നിരിക്കുന്ന സാഹചര്യത്തിൽ പ്രേഷിത പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുവാൻ ഇടവകകളുടെ ആത്മാർത്ഥമായ സഹകരണം അത്യന്താപേക്ഷിതമാണ്. സംഭാവനയായും അല്ലാതെയും ശേഖരിക്കുന്ന തുക താമസംവിനാ സഭാ ആഫീസിൽ അടയ്ക്കേണ്ടതാണ്.

പ്രിയരെ, ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ദൈവിക ദാനമാണ്. ഭൗതികവും ആത്മീയവുമായ വിഭവങ്ങൾ ശരിയായി വ്യയം ചെയ്യുവാൻ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. നാം അതിന്റെ ഉടമസ്ഥരല്ല, കാര്യവിചാരകർ മാത്രമാണ്. ദൈവം നൽകുന്ന അനുഗ്രഹങ്ങളിൽ നിന്ന് ദൈവരാജ്യ പ്രവർത്തനത്തിനും മറ്റുള്ളവരുടെ നന്മക്കും വേണ്ടിയുള്ള ശുശ്രൂഷയിൽ പങ്കു വഹിക്കുവാൻ ഈ ദിവസം നമ്മെ ആഹ്വാനം ചെയ്യുന്നു.

*"മനുഷ്യനു ദൈവത്തെ തോല്പിക്കാമോ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു. എന്നാൽ നിങ്ങൾ ഏതിൽ ഞങ്ങൾ നിന്നെ തോല്പിക്കുന്നു എന്നു ചോദിക്കുന്നു. ദശാംശത്തിലും വഴിപാടിലും തന്നെ." (മലാഖി 3:8)*

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ജൂൺ 18–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**